# വിളിയെ മറക്കാതിരിക്കുക.

## ന്യായാധിപന്മാർ 16:21

"ഫെലിസ്ത്യരോ അവനെ പിടിച്ചു കണ്ണു കുത്തിപ്പൊട്ടിച്ചു ഗസ്സയിലേക്കു കൊണ്ടുപോയി ചെമ്പുചങ്ങലകൊണ്ടു ബന്ധിച്ചു; അവൻ കാരാഗൃഹത്തിൽ മാവു പൊടിച്ചു കൊണ്ടിരുന്നു."

യിസ്രായേലിന്നു ന്യായാധിപനായിരുന്ന ശിംശോൻ എന്ന അസാധാരണ ശക്തിയുള്ള വ്യക്തിയുടെ അവസ്ഥയെക്കുറിച്ചാണ് നാം വായിച്ചതു. ശിംശോൻ, ഫെലിസ്ത്യരാൽ പിടിക്കപ്പെട്ടു. ഫെലിസ്ത്യരെ സംഹരിക്കുവാൻ ദൈവം അയച്ച മനുഷ്യൻ ഇതാ ശത്രുവിനാൽ പിടിക്കപ്പെട്ടവനായി. എന്ത് കൊണ്ട് ഇത് സംഭവിച്ചു? ദൈവത്തിൽ നിന്നും ലഭിച്ച അനുഗ്രഹങ്ങളെ മറന്നു, ദൈവത്തെ സ്നേഹിക്കേണ്ടതിനു പകരം ലോകത്തെ സ്നേഹിച്ചത് കൊണ്ടാണ് ശിംശോന് ഈ അവസ്ഥ ഉണ്ടായതെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു.

ഒരു നാസീർ വ്രതക്കാരനായിരുന്ന ശിംശോൻ, ദൈവത്തിനായി വേർതിരിക്കപ്പെട്ടവൻ, ദൈവം തന്നോട് ചെയ്യരുത് എന്ന് കല്പിച്ച കാര്യങ്ങൾ എല്ലാം പിൽക്കാലത്തു അവൻ തെറ്റിച്ചു. നാമും ദൈവത്തിനായി വിളിച്ചുവേർതിരിച്ചവർ ആണ്. നമുക്കും സ്വന്ത ഇഷ്ട പ്രകാരം ജീവിക്കുവാനായിട്ടു അവകാശമില്ല. എന്നാൽ പലപ്പോഴും നാം നമ്മുടെ വ്രതം മറന്നു ജിവിക്കുന്നവരായിപ്പോകാറുണ്ട്. വേർപാട് നഷ്ടപെടുത്തുന്ന നിമിഷങ്ങൾ, നമ്മുടെ ജീവിതത്തിലും ഉണ്ടാകുന്നില്ലേ. പ്രിയമുള്ളവരേ, നാം താന്താങ്ങൾക്കുള്ളവരല്ല, ദൈവത്തിനു അവകാശപെട്ടവർ എന്ന് നാം എപ്പോഴും ഓർക്കുന്നത് നല്ലതായിരിക്കും.

ശിംശോന്റെ ജനനം തന്നെ ഒരു വ്യത്യസ്ത ജനനമായിരുന്നു. അപ്പോൾ അവന്റെ വിളിയും വ്യത്യസ്തമായിരുന്നു. എന്നാൽ ആ വിളിയുടെ അർത്ഥം പൂർണമായും മനസിലാക്കി ജീവിക്കുവാൻ, ശിംശോൻ പരാജയപെട്ടു എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ ഇഷ്ടം പൂർണമായും മനസിലാക്കാതെ, അവന്റെ ഹൃദയം ലോകത്തിന്റെ മോഹങ്ങളിലേക്കു പോകുന്നതായി കാണുവാൻ സാധിക്കും. അവന്റെ വിവാഹവുമായി ബന്ധപ്പെട്ടു എല്ലാ ചട്ടങ്ങളെയും ലംഘിച്ചു ഒരു അന്യ ജാതിയിലുള്ള സ്ത്രീയെ അവൻ ഇഷ്ടപെടുന്നു. മാതാപിതാക്കളുടെ എതിർപ്പിനെ വകവയ്ക്കാതെ അവരെ അവന്റെ ഇഷ്ടത്തിലേക്കു കൊണ്ടുവന്നു. ദൈവത്തിന്റെ ആലോചന ചോദിച്ചിട്ടുമല്ലായിരുന്നു അവൻ ആ സ്ത്രീയെ ഇഷ്ടപെട്ടത്, എന്നാൽ അവന്റെ ഹൃദയം അവളിലേക്ക് തിരിയുന്നു എന്ന്

മനസ്സിലാക്കി ദൈവം മൗനമായിരുന്നു. പ്രിയമുള്ളവരേ നാം നമ്മുടെ ജീവിതത്തിൽ പല കാര്യങ്ങളും ദൈവലോചന ഇല്ലാതെ ചെയ്യാറുണ്ട്. ദൈവം അതിനൊക്കെ മൗനാനുമതി നൽകാറുമുണ്ട്, പക്ഷെ അതിന്റെ പരിണിത ഫലം അനുഭവിക്കുവാൻ ആ വ്യക്തി ബാധിസ്ഥനായിരിക്കുമെന്നു ശിംശോന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

വിവാഹം എന്നത് ഒരു വിശുദ്ധ കൂദാശയാണ്. എന്നാൽ ഇവിടെ നാസീർ വ്യതക്കാരനായ ശിംശോൻ, തന്റെ വ്യതം മറന്നു ആ സ്ത്രീയുടെ വീട്ടിൽ വിരുന്നു കഴിക്കുവാൻ അവരുടെ സ്വീകരണം സ്വീകരിച്ചു എന്ന് വചനം ഓർമിപ്പിക്കുന്നു. ദൈവവുമായുള്ള അവന്റെ സാക്ഷ്യം അവടെ മുറിയുന്നതായി നമുക്ക് കാണുവാനായിട്ടു സാധിക്കും. അതുപോലെ പെട്ടന്നു പണക്കാരനാകുവാനായിട്ടു, അവൻ അവരുമായി പന്തയത്തിൽ ഏർപ്പെടുന്നതും നമുക്ക് കാണുവാനായിട്ടു സാധിക്കും. യിസ്രായേലിന്നു ന്യായപാലനം ചെയ്യുവാൻ ദൈവം നിയോഗിച്ച വ്യക്തി ദ്രവ്യാഗ്രഹത്തിനു കിഴ്പ്പെട്ടു പോകുന്നു. പ്രിയമുള്ളവരേ, ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങൾക്കും കാരണമാകുമെന്ന് നാം ഓർക്കണം.

മറുവശത്തു നമുക്ക് കാണുവാനായിട്ടു സാധിക്കും ദൈവം തന്റെ ജനത്തിനു വേണ്ടി ശിംശോനെ യുദ്ധങ്ങൾക്ക് ഉപയോഗിക്കുന്നത്. ദൈവം എന്ത് പദ്ധതിക്കു വേണ്ടിയാണോ ശിംശോനെ ജനിപ്പിച്ചത്, ആ പദ്ധതിക്ക് വേണ്ടി ദൈവം അവനെ ഉപയോഗിച്ചുകൊണ്ടിരുന്നു. ശിംശോൻ തെറ്റുകളിൽ നിന്നും തെറ്റുകളിലേക്ക് പോയികൊണ്ടിയിരുന്നപ്പോഴും, സ്നേഹമുള്ളവനായ ദൈവം അവനെ ബലപ്പെടുത്തി നിറുത്തി. ഇതു തന്നെയാണ് നമ്മുടെയും ജീവിതത്തിൽ നടക്കുന്നത്. നമ്മൾ തെറ്റി പിരിഞ്ഞു പോയാലും, നമ്മെ തേടി വരുന്ന ഒരു ഇടയാനാണ് നമ്മുടെ ദൈവം. ദൈവത്തെ മറന്നു തന്നെ തന്നെ പുകഴ്ത്തുവാനും, പ്രസാദിപ്പാനുമാണ് അവൻ ശ്രദ്ധിച്ചിരുന്നത്. അവന്റെ പരാജയത്തിന്റെ കാരണം പാപമായിരുന്നു. അവന്റെ തലമുടി അവനു നഷ്ടമായി, കണ്ണ് കുത്തി പൊട്ടിച്ചു, അവർ അവനെ ചങ്ങലകൾ കൊണ്ട് ബന്ധിച്ചു. ന്യായപാലനം ചെയ്യാൻ നിയോഗിച്ചവൻ, അഴിക്കുള്ളിൽ അരി പൊടിക്കുന്നവനായി. ദൈവത്താൽ ഉയർത്തപ്പെട്ട വ്യക്തി, പാപത്താൽ പരാജയപ്പെട്ടു പോകുന്നതായി നമുക്ക് കാണുവാനായിട്ടു സാധിക്കും.

ശിംശോനെപോലെ നാമും പലപ്പോഴും ദൈവം ചൊരിഞ്ഞു തന്ന അനുഗ്രഹങ്ങളെ മറന്നു ലോകത്തിന്റെ പദവികളും അംഗീകാരങ്ങളും നേടിയെടുക്കുവാൻ വേണ്ടി എന്തും ചെയുന്ന അവസ്ഥയിലേക്ക് ചിലപ്പോൾ മാറി പോകാറുണ്ടോ എന്ന് ശോധന ചെയ്യണം. നീതിയുടെയും, സത്യത്തിന്റെയും മുൻപിൽ, അറിയാതെ നമ്മുടെ കണ്ണ് അടഞ്ഞു

പോകാറുണ്ടോ? വക്രതയും കോട്ടവും ഉള്ള ഈ കാലത്ത്, നമ്മെ തെറ്റിച്ചു കളയുവാൻ ശത്രു ആയവൻ പല വഴികളും ആലോചിക്കും. നമ്മുടെ കഴിവുകൾ കണ്ട്, നമ്മിൽ ഉള്ള ദൈവീക ചൈതന്യം കണ്ട്, നമ്മുടെ നന്മകൾ കണ്ട്, പ്രലോഭനങ്ങളുമായി അടുത്തുവരുന്നവരെ വിവേചിച്ചറിയുവാൻ നാം പ്രാപ്തരാകണം. തന്നെ തന്നെ പ്രസാദിപ്പിക്കാതെ ദൈവത്തെ പ്രസാദിപ്പിക്കുവാനായിട്ടു എപ്പോഴും ഓർക്കുക. അതിനായി ദൈവം നമ്മളെ സഹായികുമാറാകട്ടെ.

പരമാർശം:

1 യോഹന്നാൻ 2: 15,16

ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുതു. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽനിന്നല്ല, ലോകത്തിൽനിന്നത്രേ ആകുന്നു

ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 017